നം.എച്ച്2/9725/2015/ഡി.പി.ഐ.

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം, തിരുവനന്തപുരം,
തീയതി : 23.04.2015.

## സർക്കുലർ

**വിഷയം:-** പൊതുവിദ്യാഭ്യാസം-എയ്ഡഡ് പ്രൈമറി-സ്പാർക്ക് ബിൽ ഓതന്റിക്കേഷന് സർവ്വീസ് പുസ്തകം കാണിക്കണമെന്നത് നിരസിക്കുന്നത് -സംബന്ധിച്ച്.

**സൂചന:-** 1) സർക്കാർ കത്ത് നം.എസ്.എൻ2/73/2014/ധന തീയതി 09.01.2015.

2) കേരള പ്രൈവറ്റ് പ്രൈമറി ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷന്റെ 09.12.2014 ലെ കത്ത്.

3) ജി.ഒ.(പി)നം.30/2013/ധന തീയതി 16.01.2013

****

സൂചന (2) പ്രകാരം സർക്കാരിന് ലഭിച്ച പരാതിയുടെ പകർപ്പ് സൂചന (3) ഉത്തരവിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് യുക്തമായ നടപടികൾ സ്വീകരിക്കുവാൻ സൂചന (1) പ്രകാരം ഈ ഓഫീസിലേയ്ക്ക് അയച്ചു തന്നിരിക്കുന്നു.

നിലവിലുള്ള നിയമമനുസരിച്ച് സഹാധ്യാപകരുടെ ഇൻക്രിമെന്റും ലീവും പാസ്സാക്കുന്നതിനുള്ള അധികാരം എയ്ഡഡ് പ്രൈമറി ഹെഡ്മാസ്റ്റർമാരിൽ നിക്ഷിപ്തമായിരിക്കെ ശമ്പള ബിൽ ഓതന്റിക്കേറ്റ് ചെയ്യണമെങ്കിൽ സർവ്വീസ് പുസ്തകം കാണണമെന്ന നിബന്ധന ചില ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർ ഉത്തരവിട്ടിരിക്കുന്നതായി പരാതിയിൽ പറഞ്ഞിരിക്കുന്നു. ഒരു സ്കൂളിലെ തന്നെ അദ്ധ്യാപകരുടെ ഇൻക്രിമെന്റ് വ്യത്യസ്ത മാസങ്ങളിലായതിനാൽ മിക്കവാറും മാസങ്ങളിൽ സർവ്വീസ് പുസ്തകം കാണണമെന്ന നിർദ്ദേശം അപ്രായോഗികമാണെന്നും ആയതിനാൽ ഒരാൾക്ക് ഇൻക്രിമെന്റോടുകൂടി അർഹതയുള്ള ശമ്പളം ലഭിക്കുന്നതിന് സർവ്വീസ് പുസ്തകം കാണണമെന്നുള്ള നിബന്ധനയും പ്രത്യേകം അപേക്ഷ സമർപ്പിക്കണമെന്ന നിബന്ധനയും ഒഴിവാക്കി കിട്ടുന്നതിനാവശ്യമായ നിർദ്ദേശം നൽകണമെന്നാണ് സൂചന (2) പ്രകാരമുള്ള പരാതിയിലെ ആവശ്യം.

-മറുപുറം-

ശമ്പളം മാറുന്നത് സ്പാർക്ക് മുഖേനയായതിനാൽ ഒരു അദ്ധ്യാപകന്റെ കഴിഞ്ഞ മാസത്തെ ശമ്പളം സംബന്ധിച്ച വിവരങ്ങൾ സ്പാർക്കിൽ ലഭ്യമാണ്. സർവ്വീസ് പുസ്തകം വാർഷിക പരിശോധനവേളയിൽ പരിശോധിക്കാവുന്നതുമാണ്.

മേൽ സാഹചര്യത്തിൽ സഹ അദ്ധ്യാപകരുടെ ഇൻക്രിമെന്റോടുകൂടിയുള്ള ശമ്പള ബിൽ ഓതന്റിക്കേറ്റ് ചെയ്യുന്നതിന് സർവ്വീസ് പുസ്തകം സഹിതം അപേക്ഷിക്കേണ്ടതില്ല. പകരം പ്രൈമറി ഹെഡ്മാസ്റ്റർമാർ ഇൻക്രിമെന്റ് സംബന്ധിച്ച വിവരങ്ങളും പ്രസ്തുത വിവരങ്ങൾ സേവന പുസ്തകത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട് എന്നും ഒരു സത്യ പ്രസ്താവന നൽകേണ്ടതാണ്. ടി സത്യപ്രസ്താവനയുടെ അടിസ്ഥാനത്തിൽ ശമ്പള ബിൽ ഓതന്റിക്കേറ്റ് ചെയ്യേണ്ടതാണെന്ന് ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് ഇതിനാൽ നിർദ്ദേശം നൽകുന്നു.

എൽ. രാജൻ
**പൊതു വിദ്യാഭ്യാസ അഡീഷണൽ ഡയറക്ടർ**
**(ജനറൽ)**

എല്ലാ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്കും

**പകർപ്പ് :**

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും
ഓഫീസ് കോപ്പി/സൂക്ഷിപ്പുഫയൽ

*എസ്. ജി. 25.04.2015*